QP CODE: 19103209

19103209

Reg No : .....

Name : .....

B.Sc.DEGREE (CBCS) EXAMINATION, NOVEMBER 2019

First Semester

(For B.Sc Model II Programmes)

Common Course II - ML1CCT09 - MALAYALAM- KATHA, KAVITHA

2017 Admission Onwards

57DD321B

Time: 3 Hours Maximum Marks :80

പാർട്ട് എ

*അരപ്പുറത്തിൽകവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന്ഉത്തരമെഴുതുക*
ഓരോ ചോദ്യത്തിനും2 മാർക്ക് വീതം

1. 'എന്തിനാണ് പൊളിറ്റിക്സ് പഠിച്ചതെന്നും ബോട്ടണി പഠിക്കാതിരുന്നതെന്നും ചോദിച്ചാൽ അവൾക്കറിഞ്ഞുകൂടാ ' ഈ വാക്യത്തിന്റെ പ്രസക്തി എന്ത് ?
2. ' ഈ ഡയലോഗിൽ റെയിൻഡ്ഇയറിന്റെ വാക്കുകളിൽ സ്ഫുരിക്കുന്ന താല്പര്യരാഹിത്യം ശ്രദ്ധിച്ചുകാണുമല്ലോ ' സന്ദർഭം ഏത് ?
3. 'കഥയെ ചങ്ങല പോലെ ഭാവിയിലേക്ക് വലിക്കണം 'സന്ദർഭം എഴുതുക
4. കഥാപാത്രനിരൂപണം നടത്തുക ' റുമാന ' (കഥ:നൃത്തശാല - സിതാര എസ്)
5. നിശബ്ദതയുടെ തണുപ്പിൽ ചെറുചൂടോടെ പൊട്ടിയുണർന്ന ആ വാക്കുകൾ മഴത്തുള്ളികളായി ചെന്ന് അബ്ബാസിന്റെ കാലുകളിൽ തൊട്ടു . അയാളുടെ ചുവടുകൾ ഇടറി . സന്ദർഭം ഏത് ?
6. സാഹിത്യകാരപരിചയം നടത്തുക -' ബെന്യാമീൻ '
7. കഥാപാത്ര നിരൂപണം നടത്തുക -'കുമാരേട്ടൻ' (കഥ - ആരുടെയോ ഒരു സഖാവ് ')
8. സാഹിത്യകാരപരിചയം നടത്തുക - കെ രേഖ
9. സാഹിത്യകാരപരിചയം നടത്തുക - കുരീപ്പുഴ ശ്രീകുമാർ
10. 'ഗ്രഹജലം നക്ഷത്രം ,കുഴലിന്മേൽ കണ്ണാടി ' ഈ വരികൾക്ക് കാവ്യസന്ദർഭത്തിലുള്ള പ്രസക്തി എന്ത് ?
11. സാഹിത്യകാരപരിചയം നടത്തുക -'എ സി ശ്രീഹരി '
12. കിടുകിടുങ്ങനെ, കുലുകുലുങ്ങനെ ,മുണ്ടു കയറ്റി ,ട്രൗസർ കാട്ടി ,ചീറി ,പോടാ മോനെ ദിനേശാ - ആർ ,എപ്പോൾ ?

(10×2=20)

പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക്ഉത്തരമെഴുതുക*
ഓരോ ചോദ്യത്തിനും5 മാർക്ക് വീതം

13. താരതമ്യപഠനം നടത്തുക ' ജയന്തും കുമാരേട്ടനും '

14. 'തൻ നിസ്സഹായയാണ് എന്ന മട്ടിൽ റോമക്കാരി ഇരുന്നു.ഇരുകൂട്ടർക്കും അനുഭാവം പകർന്നുകൊണ്ട് 'റോമക്കാരിയുടെ നിസ്സംഗതയെ വി കെ എൻ എങ്ങനെ നോക്കിക്കാണുന്നു ?

15. കുറിപ്പെഴുതുക 'ആനന്ദും കഥാസാഹിത്യവും '

16. " എന്നിട്ടും എന്നെ ഇത്രയറിയാവുന്ന മോഹൻസാബ് ....അങ്ങ് ...സാരമില്ല സാബ് .ഇതൊരു കാശ്മീരിയുടെ മാത്രം വിധിയാണ് 'ഇവിടെ പരാമർശിക്കപ്പെടുന്ന വിധിയേത് ?വ്യക്തമാക്കുക.

17. ഫെമിനിസം 'കെ രേഖ'യുടെ കഥകളിൽ

18. എന്താണ് ഉത്തരാധുനികത ?നിങ്ങൾ പഠിച്ച കഥകളെ ആസ്പദമാക്കി വിവരിക്കുക

19. ആത്മഭാഷണത്തിന്റെയും ആത്മപഗ്രഥനത്തിന്റെയും സ്വഭാവം ചുള്ളിക്കാടിന്റെ കാവ്യാലോകത്തിൽ കാണാം .ഈ പ്രസ്താവന ശരിയോ ? വിശകലനം ചെയ്യുക.

20. എന്താണ് ഉത്തരാധുനികത ?നിങ്ങൾ പഠിച്ച കവിതകളെ ആസ്പദമാക്കി വിവരിക്കുക

21. 'ചെങ്കടലെടുക്കുവോളം ചേര കയറിയ അടുപ്പുകളുടെ അഹങ്കാരമാണ് കറുപ്പ് ' - വ്യക്തമാക്കുക

(6×5=30)

പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന്ഉത്തരമെഴുതുക*
ഓരോ ചോദ്യത്തിനും15 മാർക്ക് വീതം

22. കഥാപാത്രാവിഷ്കരണത്തില് വി കെ എന് അദ്വിതീയനാണ് .'ലഞ്ച്'എന്ന കഥയെ ആസ്പദമാക്കി ഉപന്യസിക്കുക

23. മനുഷ്യനും പ്രകൃതിയും ത മ്മിലുള്ള ബന്ധത്തിന്റെ ഏറ്റം മനോഹരമായ അവതരണമാണ് '.നാല്പതാം നമ്പർ മഴ 'യിൽ കഥാകൃത്ത് നടത്തിയിരിക്കുന്നത്.ചർച്ച ചെയ്യുക.

24. റിലേഷൻഷിപ്പിനെക്കുറിച്ച് ഇനിയൊരു പ്രോഗ്രാം വരികയാണെങ്കിൽ എന്നെ അറിയിക്കണം.കുറച്ച് ഷാർപ് പോയ്റ്റ്സ് ഞാൻ മാർക്കു ചെയ്തു തരാം.വിഭാവരിയുടെ ഈ വാക്കുകൾ കഥയുടെ മുഖ്യപ്രമേയവുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുക

25. നാമോരോരുത്തരും മുൻ തലമുറയോട് എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്ന് ദൃഢമൃദുലമായി ഓർമപ്പെടുത്തുന്ന കവിതയാണ് 'അമ്മയെ കുളിപ്പിക്കുമ്പോൾ' ഉപന്യസിക്കുക.

(2×15=30)